നിർമ്മിക്കുന്നതിനുള്ള കരാർ ആകുകയും, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചും വരുന്നു. കാവാലം 66 കെ. വി. സബ്സ്റ്റേഷൻ, കിടങ്ങറ 33 കെ. വി. സബ്സ്റ്റേഷൻ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് കരുവട്ടൂർ പഞ്ചായത്തിലെ പോലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

82 [901] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ (കക്കോടി കെ. എസ്. ഇ .ബി. പരിധിയിൽ) കരുവട്ടൂർ പഞ്ചായത്തിലെ പോലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് പോലൂർ പ്രദേശത്തെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടിയും എന്ന് സ്ഥാപിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സംസ്ഥാന വൈദ്യുതി ബോർഡിന്റെ കക്കോടി സെക്ഷനിൽ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് പാസാക്കിയശേഷം മുൻഗണനാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

റാന്നിയിലെ പെരുനാട് സബ്സ്റ്റേഷന്റെ നിർമ്മാണം

83 [902] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ പെരുനാട്ടിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ഇതിന്റെ നിർമ്മാണത്തിന്റെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത്; ഇതിന്റെ തുക എത്ര; എത്ര നാളുകൾക്കകം പണി പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) ഇതിനുള്ള തുക എങ്ങനെയാണ് ബോർഡ് കണ്ടെത്തിയിട്ടുള്ളത്;

(ഇ) ഈ തുക നൽകിയത് എന്തെല്ലാം വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇപ്പോൾ സബ്സ്റ്റേഷൻ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ജി) ഇതിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(എച്ച്) എന്നത്തേക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 21-4-1999-ൽ

(ബി) 275.18 ലക്ഷം രൂപ.

(സി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം എ. ആർ. എം. ലിമിറ്റഡ്, ഹൈദരാബാദ് എന്ന സ്ഥാപനത്തിന് 257.83 ലക്ഷം രൂപയ്ക്കുള്ള കരാർ 5-10-2001-ൽ പണി പൂർത്തിയാക്കാനാണ് നിശ്ചയിച്ച് നൽകിയിരുന്നത്.

(ഡി) ആർ. ഇ. സി. ലോൺ മുഖേന.

(ഇ) വായ്പാ കാലാവധി 7 വർഷമാണ്. ആദ്യഗഡു ലഭിച്ചശേഷം 2 വർഷം കഴിഞ്ഞാണ് തിരിച്ചടക്കൽ തുടങ്ങേണ്ടത്. 3/2003-ൽ തിരിച്ചടക്കൽ ആരംഭിച്ചിട്ടുണ്ട്.

(എഫ്) തറ നിരപ്പാക്കൽ ചുറ്റുമതിൽ നിർമ്മാണം, കിണർ നിർമ്മാണം എന്നീ ജോലികൾ പൂർത്തിയാക്കി വരികയും, മറ്റ് ജോലികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു.

(ജി) കരാർ ഏറ്റെടുത്തിരുന്ന സ്ഥാപനം ഏകദേശം 2% ജോലികൾ തീർന്ന ഘട്ടത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തി വയ്ക്കുകയുണ്ടായി. കൂടാതെ ലൈൻ വലിക്കുന്നതിനെതിരായി നിരവധി കേസുകൾ നിലനിൽക്കുകയാണ്. കേരള നിയമ സഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയും ലൈൻനിർമ്മാണം സ്റ്റേ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുരുവട്ടൂർ പഞ്ചായത്തിൽ കെ. എസ്. ഇ. ബി. നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും

84 [903] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിൽ കക്കോടി-കുന്നമംഗലം കെ. എസ്. ഇ. ബി. പരിധിയിൽ ഈ സർക്കാർ വന്നതിനുശേഷം നടത്തിയ പ്രവൃത്തികളും ഇതിന് ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ ഈ കാലയളവിൽ എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചു;

(സി) ഇനിയും എവിടെയൊക്കെ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) എന്നേക്ക് പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വോൾട്ടേജ് വർദ്ധിപ്പിക്കുന്ന ജോലി

		തുക (രൂപയിൽ)
(i)	ഇടപടിതാട്ടുതാഴം-ചെറുവറ്റ ..	39,760
(ii)	മല്ലിശ്ശേരിതാഴം-ചേറ്റാട്ട്താഴം ..	28,400
(iii)	കോണോട്ട്-11 കെ.വി-1 കി. മി. ട്രാൻസ്ഫോർമർ-100 കെ.വി.എ. കണ്ടക്ടർ-1.6 കി. മി. ..	6,90,625

ജനകീയാസൂത്രണ പദ്ധതി

(iv)	ഒഴാംപൊയിൽ എൽ.ടി.ത്രി ഫെയിസ്. .	45,145
(v)	കുമ്മാട്ടുമല എൽ.ടി. ത്രി ഫെയിസ് ..	19,710
(vi)	കലോളിപൊയിൽ ലൈൻ എക്സ്റ്റൻഷൻ ..	1,85,506

LIBRARY ARCHIVES Kerala Legislative Assembly